.

**KUDUMBASHREE JILLA MISSION KOTTAYM .**

**VAIKOM BLOCK,CHEMPU KUDUMBASHREE CDS.**

**REPORT BY : ANJU M B , BC - MIS ,MF,ORGANISATION .**

# കൊറോണ കാലത്തു ചെമ്പ് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ......

കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്കിൽ എറണാകുളം ജില്ലയുമായി അതിരുപങ്കിട്ട് വേമ്പനാട്ട് കായലാലും മുവാറ്റുപുഴയുടെ കൈവഴിയലും ചുറ്റ പെട്ട പ്രകൃതിസുന്ദരമായ കൊച്ചു ഗ്രാമം ആണ് ചെമ്പ് പഞ്ചായത്ത്. മത്സ്യ തൊഴിലാളികളാണ് ഇവിടെ കൂടുതൽ . പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം നിൽക്കാനും വേണ്ട പിന്തുണ നൽകാനും സന്നദ്ധ സേവനത്തിന് തയ്യാറായ ഒരു കുടുംബശ്രീ **CDS** ആണ് ചെമ്പിൽ പ്രവർത്തിക്കുന്നത് . കുടുംബശ്രീ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുകയും കാര്യക്ഷമമായി ചെയ്യാനും കഴിവുള്ള ചെയർപേഴ്സൺ ശ്രീമതി : സജിത രാജേന്ദ്രൻ അക്കൗണ്ടെ ൻ്റെ ശ്രീമതി ബിന്ദു സ്കറിയ എന്നിവരോടൊപ്പം ഏത് പ്രവർത്തനത്തിനും ഒപ്പം നിൽക്കുന്ന **15 CDS** മെമ്പർമാരുമാണ് എൻ്റെ മാതൃ **–CDS -** നു ബലം .

ലോക് ഡൗൺ ആരംഭിച്ചപ്പോൾ തെല്ലൊന്ന് ഭയപെട്ടങ്കിലും ഏതൊരു ആപത്ഘട്ടത്തെയും തരണം ചെയ്യുന്നതിനുള്ള ദൃഢ നിശ്ചയമാണ് **CDS** പ്രവർത്തനത്തെ മാതൃക പരമാക്കുന്നത് **.** സാമ്പത്തിക പ്രവർത്തനങ്ങൾക്ക് അപ്പുറം കുടുംബശ്രീക്ക് ഒരു സമൂഹത്തിൽ എന്തൊക്കെ സ്വാധിനം ചെലുത്താം എന്തെല്ലാം മാതൃകകൾ സൃഷ്ടിക്കാം എന്നത് **cds** പ്രവർത്തങ്ങളിലൂടെ മനസിലാകും **.** കുടുംബശ്രീ സ്ത്രീകൾ എന്ന വിലകുറഞ്ഞ കാഴ്ചപ്പാട് ഈ കൊറോണ കാല പ്രവർത്തനത്തോടെ മാറും എന്നത് തീർച്ച **..**

പ്രധാന പ്രവർത്തനങ്ങൾ

**1. കൊറോണയെ തടയാം ബോധവത്കരണത്തിലൂടെ**

ലോക് ഡൗൺ പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ ജില്ലാ മിഷന്റെ നിർദേശത്തിൽ **BRAKE THE CHAIN** ക്യാമ്പയിൻ പ്രാധാന്യത്തെ കുറിച് അയൽക്കൂട്ടങ്ങളിൽ ബോധവത്കരണം നടത്താൻ ചെമ്പ് കുടുംബശ്രീക്ക് ആയി **.** കോവിഡ് വ്യാപന ആരംഭഘട്ടത്തിൽ തന്നെ കുടുംബശ്രീ അംഗങ്ങൾക്ക് അവബോധം വളർത്തി ഭയപ്പെടാതെ കരുതലോടെ ലോക് ഡൗൺ നേരിടാൻ കുടുംബശ്രീ അംഗങ്ങളെ സഹായിക്കാൻ കഴിഞ്ഞു **.**

**2. വയോജനങ്ങളെ നിങ്ങൾ ഒറ്റയ്ക്കല്ല ഞങ്ങൾ ഒപ്പം ഉണ്ട്**

കോവിഡ് **19** രോഗം ഏറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു വിഭാഗം ആണ് വയോജനങ്ങൾ **.**അവർക്ക് വേണ്ട ശ്രദ്ധക്കും കരുതലിനുമാണ് ചെമ്പ് കുടുംബശ്രീ **CDS** ആദ്യ പരിഗണന നൽകിയത് **.** വയോജന അയൽകൂട്ടത്തിലെ അംഗങ്ങളെയും അയൽക്കൂട്ടങ്ങളിലെ മറ്റ് വയോജങ്ങളെയും **CDS** മെമ്പർമാരും

ഓർഗനൈസേഷൻ BC യും നേരിട്ട് ഫോണിലൂടെ ബന്ധപെട്ടു . അവരുടെ പ്രശ്നങ്ങൾ ചോദിച്ചു അറിഞ്ഞു,ആവശ്യക്കാർക്ക് മരുന്നുകളും ഭക്ഷണവും എത്തിച്ചു. 189 വയോജനങ്ങളെ ആണ് വിവരങ്ങൾ ശേഖരിച്ചത് .തങ്ങളെയും അന്വേഷിക്കാൻ ആളുണ്ടല്ലോ എന്ന സന്തോഷം അവർ പങ്കുവെച്ചു .

**<u>3.കമ്മ്യൂണിറ്റി കിച്ചൺ</u>**




ലോക് ഡൗൺ കാലത്തെ CDS ൻറെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് കമ്മ്യൂണിറ്റി കിച്ചൺ. 4 പേരടങ്ങുന്ന തനിമ യൂണിറ്റാണ് CDS ൽ കമ്മ്യൂണിറ്റി കിച്ചൺ നടത്തിയത് .28-03-2020പ്രവർത്തനം ആരംഭിച്ചു 19-5-2020 തിയതി വരെ പ്രവർത്തിച്ചു .ആകെ 50 ഊണുകൾ ദിവസവും നൽകാൻ സാധിച്ചു . കുടുംബശ്രീയും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചു കൊണ്ട് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ ലോക് ഡൗൺ

.

മൂലം സംസ്ഥാനത്തിൽ ആരും ഒരു നേരത്തെ ആഹാരത്തിനായി വലയരുത് എന്ന മുഖ്യമന്ത്രിയുടെ വാഗദാനം പൂർണമായും നിറവേറ്റാൻ കഴിഞ്ഞു.

**4.എല്ലാ അയൽക്കൂട്ടത്തിലും മാസ്ക്**

CDS പരിധിയിലുള്ള എല്ലാ തയ്യൽകരുമായി ചേർന്ന് CDS നേതൃത്വത്തിൽ മാസ്കുകൾ എല്ലാ വീട്ടിലും വിതരണം ചെയ്തു. ലോക് ഡൗൺ ആരംഭത്തോടെ മാസ്ക് ധാരണം അനിവാര്യമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിലേക്കും മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്കും ആവശ്യമായ മാസ്കുകൾ തയ്യിച് നല്കികൊണ്ടിരിക്കുകയാണ് കുടുംബശ്രീ അംഗങ്ങൾ . .

**5.മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ**

അയൽക്കൂട്ട അംഗങ്ങൾക്ക് 20000 /- രൂപ വരെ പലിശ രഹിത വായ്പ ലഭ്യമാക്കാനുള്ള മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി അനുസരിച് വിശദമായ പരിശോധനകൾക്ക് ശേഷം ചെമ്പ് കുടുംബശ്രീ 16300000/- രൂപയുടെ 234 വായ്പ അപേക്ഷകൾ ബാങ്കുകളിൽ സമർപ്പിച്ചു . അർഹരായ എല്ലാവരെയും കണ്ടെത്തി ചുരുങ്ങിയ ദിവസം കൊണ്ട് ബാങ്കുകളിൽ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞു . വൈക്കം ബ്ലോക്കിൽ ആദ്യം വായ്പ അപേക്ഷകൾ സമർപ്പിക്കാൻ CDS ന് കഴിഞ്ഞു ..

**6.CIN ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

സംസ്ഥാന സർക്കാരിന്റെ സേവനങ്ങൾ നേട്ടങ്ങൾ അറിയിപ്പുകൾ തുടങ്ങിയ കാര്യങ്ങൾ കുടുംബശ്രീ അംഗത്തിനും കുടുംബത്തിനും പൊതുസമൂഹത്തിനും വരെ ലഭ്യമാക്കുന്നതിനും സാധാരണകാരുടെ അടിയന്തിര വിഷയങ്ങൾ തിരിച്ചു സർക്കാരിനെ അറിയിക്കുന്നതിനും ഉള്ള വേദി ആയിട്ടാണ് CIN ഗ്രൂപ്പ് CDS ൽ

.

പ്രവർത്തിക്കുന്നത് . എൻ്റെ നേതൃത്വത്തിൽ CDS ചെയർപേഴ്സൺ ,അൽകൗണ്ടൻറ് CDS മെമ്പർമാർ , ADS ഭാരവാഹികൾ എന്നിവരുമായി ചേർന്ന് CDS തല ഗ്രൂപ്പ് പ്രവർത്തിക്കുന്നു . കൂടാതെ 15 വാർഡുകളിലും വാർഡ് തല ഗ്രൂപ്പുകളും കാര്യക്ഷമം ആയി പ്രവർത്തിക്കുന്നു. കോവിഡ് രോഗവുമായി ബന്ധപ്പെട്ട സ്വീകരിക്കേണ്ട മുൻകരുതലുകൾ ,ഓരോ ദിവസത്തെ രോഗവിവരങ്ങൾ എന്നിവ വിശ്വാസ യോഗ്യമായ ശ്രോതസിൽ നിന്ന് ജനങ്ങളിലേക്ക് എത്തിക്കാൻ CIN ഗ്രൂപ്പിന് കഴിഞ്ഞു . കൂടാതെ ലോണുമായി ബന്ധപ്പെട്ട വിവരങ്ങൾ , സന്നദ്ധ സേന വിവരങ്ങൾ തുടങ്ങിയവ നിമിഷങ്ങൾക്കകം ലഭ്യമാക്കുന്നതിനും ഈ ഗ്രൂപ്പ്പിന് കഴിഞ്ഞു..

**7.ബാലസഭാ കുട്ടികൾക്ക് ആയുള്ള പ്രവർത്തനങ്ങൾ**

വെക്കേഷൻ തുടങ്ങുന്നതിന് മുൻപ് തന്നെ കൊറോണ മൂലം കുട്ടികൾക്ക് വീട്ടിലിരിക്കേണ്ടി വന്നു . പ്രതീഷിക്കാതെ എത്തിയ അവധി ആയതിനാൽ പ്രതേകിച്ചു പ്ലാനിങ് ഒന്നും തന്നെ കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾക്കും ഇല്ലായിരുന്നു .അപ്പോളാണ് ജില്ലാ മിഷന്റെ നേതൃത്തത്തിൽ കുട്ടികൾക്കായി ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചത് ..കുട്ടി കിച്ചൻ ,സെൽഫി മത്സരം ,റ്റിക്റ്റോക് മത്സരം ,നുണ മത്സരം,കഥപറച്ചിൽ മത്സരം എന്നിവക്കു CDS ലെ ബാലസഭാ കുട്ടികൾ പങ്കെടുത്തു ..കൂടാതെ CDS ആഭിമുഖ്യത്തിൽ കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.

8.**ജൈവ കൃഷിയിലേക്ക് ഒരു മടക്കം**

വീട്ടിലിരിക്കുന്ന സമയം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്ന് ചിന്തിച്ചിരിക്കുമ്പോളാണ് ജില്ലാ മിഷൻ ജൈവ അങ്കണം ആരംഭിക്കുന്നത് . വിഷരഹിതമായ പച്ചക്കറികൾ സ്വന്തം അടുക്കള തോട്ടത്തിൽ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന മത്സര പരിപാടിയാണ് ജൈവാങ്കണം . വിത്ത്

.

നടിൽ തുടങ്ങി വിളവെടുപ്പ് വരെ ആയിരുന്നു മത്സരം . CDS ലെ 6 CDS മെമ്പർമാരും10 ഓളം അയൽക്കൂട്ട അംഗങ്ങളും മത്സരത്തിൽ പങ്കെടുത്തു ..




.............................................. കേവലം സാമ്പത്തിക പ്രവർത്തനങ്ങൾക്കു അപ്പുറം സമൂഹത്തെ ബാധിക്കുന്ന ഏത് മഹാമാരിയെയും നേരിടാൻ ഉള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ എല്ലാ പ്രവർത്തനങ്ങൾക്കും കുടുംബശ്രീക്ക് ഒപ്പം എന്നും ........................................................